# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3711 25.06.2013-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മേലുള്ള അധിക പലിശ

**ചോദ്യം**

ശ്രീ. ബി. ഡി. ദേവസ്സി :

(എ) നബാർഡ് 4% പലിശയ്ക്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകുന്ന കാർഷിക വായ്പ 5% പലിശയ്ക്ക് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകിയിരുന്നത് പലിശ 6% മായി വർദ്ധിപ്പിച്ചിരിക്കുന്നതുമൂലം സഹകാരികൾക്കും, പ്രാഥമിക സഹകരണ ബാങ്കുകൾക്കും അധികഭാരം ചുമക്കേണ്ടി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ കർഷകർക്ക് നൽകുന്ന കുറഞ്ഞ പലിശ നിരക്കിലുള്ള ഹ്രസ്വകാല കാർഷിക വായ്പയുടെ 40% മാത്രമാണ് നബാർഡിൽ നിന്നും പുനർവായ്പയായി ലഭിക്കുന്നത്. ബാക്കി തുക സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും അവരുടെ ഉയർന്ന കോസ്റ്റിലുള്ള സ്വന്തം ഫണ്ടിൽ നിന്നും ആണ് കാർഷിക വായ്പ നൽകുന്നതിന് വിനിയോഗിക്കുന്നത്. കൂടാതെ പുനർ വായ്പ ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് ഗ്യാരന്റി നൽകിയതിലൂടെ സംസ്ഥാന സഹകരണ ബാങ്കിന് നിയമാനുസൃതമുള്ള ഗ്യാരന്റി കമ്മീഷൻ ഒടുക്കേണ്ടതായും വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാന സഹകരണ ബാങ്ക് 5.50% നിരക്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്കും, ജില്ലാ സഹകരണ ബാങ്കുകൾ 6% നിരക്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം/ബാങ്കുകൾക്കും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ 7% നിരക്കിൽ കർഷകർക്കും വായ്പ നൽകുന്നതിനും നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| | പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘം/ബാങ്കുകൾക്ക് കാർഷിക വായ്പാ വിതരണത്തിനായി സ്വന്തം ഫണ്ട് വിനിയോഗി ക്കേണ്ടിവരുന്നില്ല. എങ്കിൽപ്പോലും ഒരു ശതമാനം മാർജിൻ പ്രാഥമിക സംഘങ്ങൾക്കും ഉറപ്പു വരുത്തിയിട്ടുണ്ട്. ഇക്കാരണത്താൽ സഹകാരികൾക്കോ പ്രാഥമിക സഹകരണ സംഘങ്ങൾക്കോ അധികഭാരം ഉണ്ടായിട്ടില്ല. |
| (ബി) പ്രാഥമിക സഹകരണ ബാങ്കുകൾക്കു മേൽ അധികഭാരം അടിച്ചേൽപ്പിക്കാതെയും സഹകാരികളെ ബുദ്ധിമുട്ടിക്കാതെയും ജില്ലാ സഹകരണ ബാങ്കുകൾക്ക് ഫണ്ട് സമാഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ? | (ബി) ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ടി ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കാൻ ബാധ്യസ്ഥരാണ്. അപ്രകാരം മൂലധന പര്യാപ്തത 30.06.2013 ന് കുറഞ്ഞത് 4%ഉം 31.03.2014 ന് കുറഞ്ഞത് 7% ഉം ടി ബാങ്കുകൾ നിലനിർത്തേണ്ടതുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ അംഗങ്ങൾ പ്രാഥമിക സംഘങ്ങൾ മാത്രം ആയതിനാൽ ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത കൈവരിക്കുന്നതിലേക്കായി ബാങ്ക് തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം അംഗസംഘങ്ങളായ പ്രാഥമിക സംഘങ്ങളിൽ നിന്നും മൂലധനം സമാഹരിക്കേണ്ടതായുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ ധനസഹായ ബാങ്ക് എന്ന നിലക്ക് ജില്ലാ സഹകരണ ബാങ്കുകളുടെ ശക്തമായ നിലനിൽപ്പ് അനിവാര്യമാണ്. ഇതിലൂടെ സഹകാരികൾക്ക് യാതൊരു തരത്തിലുമുള്ള ബുദ്ധിമുട്ട് സൃഷ്ടിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**